"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ശുചിത്വ - മാലിന്യ സംസ്കരണമികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് - തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ അവാർഡിനായി തെരഞ്ഞെടുത്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.425/2026/LSGD തീയതി,തിരുവനന്തപുരം, 18-02-2026

---

പരാമർശം:-

1. 08/08/2025 ലെ സ.ഉ (സാധാ) നം. 1978/2025/LSGD നമ്പർ സർക്കാർ ഉത്തരവ്.
2. 24/08/2025 ലെ സ.ഉ (സാധാ) നം. 2097/2025/LSGD നമ്പർ സർക്കാർ ഉത്തരവ്.
3. 21/01/2026 ലെ സ.ഉ (സാധാ) നം. 176/2026/LSGD നമ്പർ സർക്കാർ ഉത്തരവ്.
4. 14.02.2026 തീയതിയിൽ ചേർന്ന സംസ്ഥാനതല കമ്മിറ്റി യോഗത്തിന്റെ മിനിട്സ്.
5. 17/02/2026 ലെ സ.ഉ(സാധാ) നം. 416/2026/LSGD നമ്പർ സർക്കാർ ഉത്തരവ്.

**ഉത്തരവ്**

സംസ്ഥാനത്തെ മാലിന്യമുക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ശുചിത്വ-മാലിന്യ സംസ്കരണ രംഗത്തെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ, മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ പരിശോധന നടത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ്/റാങ്കിങ് നിശ്ചയിക്കുന്നതിന് പരാമർശം 1, 2, 3 പ്രകാരം ഉത്തരവായിരുന്നു. സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്രേഡിംഗ് അന്തിമമാക്കി സംസ്ഥാനതലത്തിൽ റാങ്ക് നിശ്ചയിക്കുന്നതിന്, പരാമർശം 1 പ്രകാരം രൂപീകരിച്ച സംസ്ഥാനതല കമ്മിറ്റി യോഗം ചേരുകയും പരാമർശം 4 പ്രകാരം റാങ്ക് ലിസ്റ്റ് അംഗീകരിക്കുകയും ചെയ്തിരുന്നു. പരാമർശം 5 പ്രകാരം, ശുചിത്വ-മാലിന്യ സംസ്കരണ രംഗത്തെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന തദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവാർഡ് തുക നിശ്ചയിച്ച കൊണ്ടും ഇത്തരത്തിൽ തെരഞ്ഞെടുക്കപ്പെടുന്നതിന് ഗ്രേഡിങ്ങിൽ മിനിമം മാർക്ക് നിശ്ചയിച്ച് കൊണ്ടും ഉത്തരവായിരുന്നു.

മേൽ പരാമർശിച്ചിട്ടുള്ള ഉത്തരവുകളുടെയും, പരാമർശം 4 പ്രകാരമുള്ള സംസ്ഥാനതല കമ്മിറ്റി യോഗതീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ, സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, ശുചിത്വ-മാലിന്യ സംസ്കരണ രംഗത്തെ പ്രവർത്തന മികവിന്റെ

അടിസ്ഥാനത്തിൽ ചുവടെ പറയുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ അവാർഡിനായി തെരഞ്ഞെടുത്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

**മുനിസിപ്പാലിറ്റി വിഭാഗം:**

ഒന്നാം സ്ഥാനം: ഗുരുവായൂർ മുനിസിപ്പാലിറ്റി - തൃശ്ശൂർ ജില്ല (സ്കോർ: 91.0)
രണ്ടാം സ്ഥാനം: കുന്നംകുളം മുനിസിപ്പാലിറ്റി - തൃശ്ശൂർ ജില്ല (സ്കോർ: 80.0)
മൂന്നാം സ്ഥാനം: ആന്തൂർ മുനിസിപ്പാലിറ്റി - കണ്ണൂർ ജില്ല (സ്കോർ: 79.0)

**ഗ്രാമപഞ്ചായത്ത് വിഭാഗം:**

ഒന്നാം സ്ഥാനം: കതിരൂർ ഗ്രാമപഞ്ചായത്ത് - കണ്ണൂർ ജില്ല (സ്കോർ: 90.0)
രണ്ടാം സ്ഥാനം: പെരളശ്ശേരി ഗ്രാമപഞ്ചായത്ത് - കണ്ണൂർ ജില്ല (സ്കോർ: 81.0)
മൂന്നാം സ്ഥാനം: കൊടകര ഗ്രാമപഞ്ചായത്ത് - തൃശ്ശൂർ ജില്ല (സ്കോർ: 80.0)

ശുചിത്വ-മാലിന്യ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ പരിശോധന നടത്തി തയ്യാറാക്കിയിട്ടുള്ള സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും അന്തിമ ഗ്രേഡിംഗ് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് ശുചിത്വ മിഷന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, LSGD, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ
മാനേജിംഗ് ഡയറക്ടർ,ക്ലീൻ കേരള കമ്പനി ലിമിറ്റഡ്,തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ , കെ എസ് ഡബ്ല്യൂ എം പി
മെമ്പർ സെക്രട്ടറി,കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
ഡയറക്ടർ ജനറൽ , കില
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള,തിരുവനന്തപുരം
ഡയറക്ടർ(I&PRD),വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vinod Kumar. V
Date: 18-02-2026 17:26:12

സെക്ഷൻ ഓഫീസർ

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. ക്ക്